**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇന്റർനെറ്റ് സംവിധാനത്തിനു പ്രശ്നമുള്ള സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്തു കാണുവാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കുമോ; | (എ) | സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് 2020 ജൂൺ ഒന്ന് മുതൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചിരുന്നു. വീട്ടിൽ ടി.വി, സ്മാർട്ട്ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസുകൾ കാണുന്നതിന് അതത് ക്ലാസ് ടീച്ചർ കുട്ടികളുമായി ആശയവിനിമയം നടത്തി പ്രഥമാധ്യാപകരുമായി ആലോചിച്ച് ബദൽ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞവർഷം മുതൽ തീരുമാനിച്ചിരുന്നു. ഈ വർഷവും അത്തരം ക്രമീകരണങ്ങൾ ഡിജിറ്റൽ ക്ലാസുകൾക്ക് ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ ക്ലാസുകളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾ ഓരോ ദിവസവും വ്യത്യസ്ഥ ക്ലാസുകളിൽ പരമാവധി അരമണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് സംപ്രേഷണം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും കുട്ടിയുടെയും സാഹചര്യം അനുസരിച്ച് അടുത്ത് താമസിക്കുന്ന സഹപാഠി, അയൽ വീടുകൾ, ഗ്രന്ഥശാലകൾ/ അക്ഷയകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി/ ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയില്ലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ കോർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ് വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ, അവിടെ ഇൻറനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിച്ചോ തൊട്ടടുത്ത സ്കൂളിൽ സൗകര്യം ഏർപ്പെടുത്തിയോ ആണ് |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നത്. ഇങ്ങനെ ക്ലാസുകൾ ക്രമീകരിക്കുമ്പോൾ ഒരു കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് ആ ആഴ്ചയിലെ എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിലെ ഐടി സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഡിജിറ്റൽ ഡിവൈസുകൾ വീടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്കായി അയൽപക്ക പഠനകേന്ദ്രങ്ങൾ, ഊര് വിദ്യാകേന്ദ്ര ങ്ങൾ മുതലായ സംവിധാനങ്ങൾ ഒരുക്കിയിരുന്നു. വായനശാലകൾ, അംഗനവാടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലാണ് പ്രധാനമായും ഇത്തരം കുട്ടികൾക്കായി സൗകര്യങ്ങൾ ഒരുക്കിയത്. വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ കാണാൻ സാധിക്കാത്ത കുട്ടികൾക്ക് അയൽപക്ക പഠന കേന്ദ്രങ്ങളിൽ വീഡിയോ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് ക്ലാസ്സുകൾ കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ സ്കൂൾ അധികാരികൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കുന്നതിനുള്ള സംവിധാനം ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഓൺ ലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് സൗകര്യം ഇല്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും, പി.റ്റി.എ. യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് നടന്നുവരുന്നു. സംസ്ഥാന തലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളെ സംബന്ധിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമാകുന്നതാണ്. |
| (സി) | ക്ലാസ്സുകളിൽ സൈബർ നിയമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ക്ലാസ്സുകൾ കുട്ടികൾ കണ്ടെന്നും | (സി) | സൈബർ നിയമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രത്യേക സൈബർ സേഫ്റ്റി |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തുവാനും വിലയിരുത്തുവാനും സൗകര്യമുണ്ടോ എന്നറിയിക്കാമോ; | | പ്രോട്ടോകോൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒന്നര ലക്ഷത്തിലധികം ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് അംഗങ്ങൾ മുഖേന സ്കൂൾ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും പ്രത്യേക സൈബർ അവബോധ ക്ലാസുകളും നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകളുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യായത്തിൽ നിന്നും പുറത്തിറക്കിയ മാർഗ്ഗരേഖയിൽ ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ലാസ്സ് അധ്യാപകരുടെയും പ്രഥമാധ്യാപകരുടേയും നേതൃത്വത്തിൽ മോണിറ്ററിംഗ് നടപടികളും നടന്നുവരുന്നു. |
| (ഡി) | സമൂഹ മാധ്യമ ഗ്രൂപ്പുകൾ വഴി രക്ഷിതാക്കളുമായി ആശയവിനിമയം ഉറപ്പുവരുത്തുമോ? | (ഡി) | കോവിഡ് 19 ലോക്ഡൗൺ മൂലം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2020 ജൂൺ ഒന്ന് മുതൽ ഡിജിറ്റൽ ക്ലാസുകളും ഈ വർഷം മുതൽ ഡിജിറ്റലിനൊപ്പം ഓൺലൈൻ ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനയ്യായിരത്തോളം പൊതുവിദ്യാലയങ്ങളിലെ ബഹു ഭൂരിപക്ഷം അധ്യാപകരും തങ്ങളുടെ സ്കൂളിലെ കുട്ടികളുടെ രക്ഷിതാക്കളുമായി സമൂഹമാധ്യമ ഗ്രൂപ്പുകളിലൂടെയും ലഭ്യമായ മറ്റ് ഓൺലൈൻ സംവിധാനങ്ങളിലൂടെയും ആശയ വിനിമയം ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുകയാണ് . |

സെക്ഷൻ ഓഫീസർ